പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 35

# 2021-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

(ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 35

# 2021-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

(ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1366/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 35

# 2021-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

(ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് സേവനം പൂർത്തിയാക്കിയവരുടെ പെൻഷൻ ബോർഡ് രൂപീകരിക്കുന്നതിനും അതിനോടനുബന്ധമായ കാര്യങ്ങൾക്കുവേണ്ടിയും ഒരു പദ്ധതി രൂപപ്പെടുത്തുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് കുറഞ്ഞത് അഞ്ചുവർഷക്കാലം ജനസേവനം നടത്തിയ ജനപ്രതിനിധികൾക്കും അവരുടെ ആശ്രിതർക്കും ഒരു നിശ്ചിതതുക പെൻഷൻ അനുവദിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ഒരു പെൻഷൻ ബോർഡ് രൂപീകരിക്കുന്നതിന് പ്രത്യേക നിയമം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ളിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു.—

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ എന്ന് പേര് പറയാം;

(2) ഇത് ഗസറ്റ് വിജ്ഞാപനം നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

1366/2021.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'അംഗം' എന്നാൽ സംസ്ഥാനത്തെ ഏതെങ്കിലും ഗ്രാമ പഞ്ചായത്തിലോ, ബ്ലോക്ക് പഞ്ചായത്തിലോ, ജില്ലാ പഞ്ചായത്തിലോ മുനിസിപ്പൽ കൗൺസിലിലോ, കോർപ്പറേഷനിലോ തെരഞ്ഞെടുക്കപ്പെടുകയും കുറഞ്ഞത് ഒരുവർഷം സേവനം നടത്തിയിട്ടുള്ള ഏതൊരാളും എന്നർത്ഥമാകുന്നു;

(ബി) 'ബോർഡ് ' എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് എന്നർത്ഥമാകുന്നു;

(സി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) 'ആശ്രിതൻ' എന്നാൽ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത പെൺമക്കൾ, അവിവാഹിതരായ പെൺമക്കൾ, അച്ഛൻ/അമ്മ എന്നർത്ഥമാകുന്നതും മേൽ പറഞ്ഞവ ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) 'പദ്ധതി' എന്നാൽ ഈ ആക്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള പദ്ധതി എന്നർത്ഥമാകുന്നു;

(ജി) 'വർഷം' എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു;

3. <u>കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ നിധി.</u>—(1) സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കായി ഒരു പെൻഷൻ നിധി രൂപീകരിക്കേണ്ടതാണ്.

(2) നിധിയിൽ താഴെപ്പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്.—

(എ) 6-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിമാസവിഹിതം;

(ബി) ഭാരത സർക്കാരോ, സംസ്ഥാന സർക്കാരോ, നൽകുന്ന വായ്പകളും മുൻകൂറുകളും;

(സി) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുമുള്ള ഏതൊരു സംഭാവനയും

(ഡി) പദ്ധതി വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക.

4. <u>നിധി 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണ നിർവ്വഹണം നടത്തുന്നതുമാകുന്നു.</u>

(1) നിധി താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്, ആതായത്.—

(എ) അംഗമായിരിക്കെ അസുഖംമൂലമോ, അപകടം വഴിയോ ജനസേവനത്തിന് കഴിവില്ലാതാകുകയോ ചെയ്യുന്ന ഏതൊരംഗത്തിനും ധനസഹായം നൽകുന്നതിന്;

(ബി) അംഗമായിരിക്കെ മരണം സംഭവിച്ചാൽ, കാലാവധി നോക്കാതെ ആശ്രിതന് നിശ്ചിത തുക പെൻഷൻ കൊടുക്കാൻ;

(സി) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുവാൻ;

(ഡി) അംഗമായി അഞ്ചുവർഷത്തെ കാലാവധി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം ഒരു നിശ്ചിത തുക പെൻഷൻ നൽകുന്നതിന്.

5. <u>നിധിയിലേക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം</u>.—(1) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും താഴെപ്പറയുന്ന പ്രകാരം അവയുടെ പ്രതിമാസ വിഹിതം നിധിയിലേക്ക് നൽകേണ്ടതാണ്;

(എ) ഗ്രാമ പഞ്ചായത്ത് - ഒരംഗത്തിന് പ്രതിമാസം 100 രൂപ വീതം

(ബി) ബ്ലോക്ക് പഞ്ചായത്ത് - ഒരംഗത്തിന് പ്രതിമാസം 200 രൂപ വീതം

(സി) ജില്ലാ പഞ്ചായത്ത് - ഒരംഗത്തിന് പ്രതിമാസം 300 രൂപ വീതം

(ഡി) മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ-ഒരംഗത്തിന് പ്രതിമാസം 400 രൂപ വീതം.

(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിധിയിലേക്കുള്ള വിഹിതം ആറ് മാസത്തിലൊരിക്കൽ അടച്ചു തീർക്കേണ്ടതാണ്.

6. <u>കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങളുടെ പെൻഷൻ നിധി ബോർഡ് രൂപീകരണം</u>.—

(1) സർക്കാരിന് ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്;

(2) ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നും പുനർവിന്യാസം വഴി നിയമിക്കാവുന്നതാണ്;

(3) ബോർഡ് ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര-ജംഗമ വസ്തുക്കൾ ആർജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുള്ള അധികാരത്തോട് കൂടിയതും ആയിരിക്കും.

7. ബോർഡിന്റെ ഘടന.—ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.—

(1) സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(2) സംസ്ഥാന തൊഴിൽ വകുപ്പ് സെക്രട്ടറി;

(3) സംസ്ഥാന നിയമ വകുപ്പ് സെക്രട്ടറി;

(4) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർമാൻ/ചെയർപേഴ്സൺ;

(5) കാര്യനിർവ്വഹണാധികാരത്തോടുകൂടിയ സർക്കാർ നിയമിക്കുന്ന മാനേജിംഗ് ഡയറക്ടർ;

(6) സർക്കാർ നോമിനേറ്റ് ചെയ്യുന്ന സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ പ്രതിനിധികൾ.

8. അതോറിറ്റിയുടെ ആസ്ഥാനം .—അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കും.

9. ചെയർമാൻ.—(1) ബോർഡിന്റെ ചെയർമാനെ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

(2) ചെയർമാന്റെ ഔദ്യോഗിക കാലാവധി 3 വർഷക്കാലമായിരിക്കുന്നതാണ്.

10. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം.—(1) ക്ഷേമനിധി ബോർഡിന് ജില്ല അടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്;

(2) അതത് ജില്ലകളിലെ ജില്ലാ കളക്ടർ, ലേബർ ഓഫീസർ എന്നിവർ ഉപസമിതി അംഗങ്ങൾ ആയിരിക്കും;

(3) ഉപസമിതിയിലെ മറ്റംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

(4) ക്ഷേമനിധി സംബന്ധിച്ച ജില്ലാതലത്തിൽ വരുന്ന തർക്കങ്ങളും പരാതികളും അതത് ജില്ലാ ഉപസമിതികൾ തീർപ്പാക്കേണ്ടതാണ്. പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ സംസ്ഥാന ക്ഷേമനിധി ബോർഡിന് കൈമാറേണ്ടതാണ്.

11. ബോർഡിന്റെ അധികാരങ്ങൾ .—(1) ജില്ലാതല ഉപസമിതികളുടെ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിക്കും;

(2) ഈ ആക്റ്റിന്റെ കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അധികാരം;

(3) ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിക്കുകയും അന്വേഷണം നടത്തി ബോധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കുകയും ചെയ്യുക;

(4) കാലാകാലങ്ങളിൽ സർക്കാരിലേക്ക് ആവശ്യമായ ശിപാർശകൾ നൽകുക;

(5) ബോർഡിന്റെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുക.

12. ബോർഡിന്റെ യോഗങ്ങൾ.—(1) ചെയർമാന്റെ നിർദ്ദേശാനുസരണം മാനേജിംഗ് ഡയറക്ടർ ബോർഡിന്റെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) ബോർഡിന്റെ രണ്ടു യോഗങ്ങൾ തമ്മിൽ 6 മാസത്തിലധികം അന്തരം ഉണ്ടാകാൻ പാടില്ല.

(3) ബോർഡിന്റെ യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ ഒരാളെ അദ്ധ്യക്ഷനായി നിർദ്ദേശിക്കാവുന്നതാണ്.

(4) യോഗത്തിനുള്ള ക്വാറം ബോർഡിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

13. എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗ്ഗം.—ബോർഡിൽ നിന്നുള്ളതും ബോർഡിലേക്കുള്ളതുമായ എഴുത്തുകുത്തുകൾ മാനേജിംഗ് ഡയറക്ടറുടെ പേരിൽ നടത്തേണ്ടതാണ്.

14. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ

14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്ദേശം ഇരുപതിനായിരം അംഗങ്ങളുണ്ട്. അഞ്ചുവർഷക്കാലത്തെ ജനസേവനത്തിനുശേഷം പിരിയുന്ന ഇവർക്കായി യാതൊരുവിധ ക്ഷേമപദ്ധതികളും നിലവിലില്ല. എന്നാൽ അധികാര വികേന്ദ്രീകരണത്തെ തുടർന്ന് വികസന പ്രവർത്തനങ്ങളുടേയും ജനക്ഷേമ പ്രവർത്തങ്ങളുടേയും അടിസ്ഥാന ഘടകങ്ങളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് സമൂഹത്തിൽ മാന്യമായ പരിഗണന നൽകേണ്ടതുണ്ട്. അതിനായി ഒരു നിശ്ചിത തുക പെൻഷൻ നൽകുന്നതിനുവേണ്ടി ഒരു പ്രത്യേക പെൻഷൻ നിധി ഏർപ്പെടുത്തുന്നത് വളരെയേറെ പ്രയോജനകരമാകും. ഈ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണത്തെ തുടർന്ന് രൂപീകൃതമായ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഉദ്ദേശം 20,000 അംഗങ്ങളുണ്ട്. ഓരോ അഞ്ച് വർഷക്കാലയളവ് പൂർത്തിയാകുമ്പോൾ ഇതിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകും. ഇവർക്ക് പ്രതിമാസം നിശ്ചിത തുക പെൻഷൻ നൽകുന്നതിന് പ്രതിവർഷം ഉദ്ദേശം 10 കോടിയോളം രൂപയുടെ ചെലവുണ്ടാകും. ഈ തുക പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസ വിഹിതമായി ശേഖരിക്കുന്നതിനാൽ സർക്കാരിന് ഭാവിയിൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല. എന്നാൽ പ്രാഥമിക ചെലവുകൾക്കായി 2 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

സി. ആർ. മഹേഷ്, എം.എൽ.എ.